കേരള സർക്കാർ

**ധനകാര്യ (വ്യയം-സി) വകുപ്പ്**

**<u>സർക്കുലർ</u>**

**നം. 03/2019/ധന** **തീയതി, തിരുവനന്തപുരം, 11/01/2019**

**വിഷയം:-** ദിവസവേതന നിയമനങ്ങൾക്ക് സർക്കാർ അംഗീകൃത തസ്തിക ആവശ്യമാണോ എന്നതിൻ മേൽ സ്പഷ്ടീകരണം - സംബന്ധിച്ച്.

**സൂചന:-**
1. സ.ഉ (പി) നം. 28/2016/ധന, തീയതി 26/02/2016
2. സ.ഉ (പി) നം 56/2017/ധന, തീയതി 28/04/2017
3. സ.ഉ. (പി) നം. 112/2018/ധന, തീയതി 21/07/2018

cb
15/2

സർക്കാർ വകുപ്പുകളിലും മറ്റും ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാനും വേതനം നൽകുന്നതു സംബന്ധിച്ചും സൂചനയിലെ ഉത്തരവുകൾ പ്രകാരം മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 26/02/2016 തീയതിയിലെ സ ഉ (പി) നം. 28/2016/ധന ഉത്തരവിൽ ദിവസ വേതന / കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല ഓഫീസുകളിലും സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ദിവസ വേതന നിയമനം നടത്താറുള്ളതായും, പലപ്പോഴും അനുവദനീയമല്ലാത്ത തസ്തികകളിലും ഇത്തരത്തിൽ നിയമനം നടത്താറുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി സർക്കാർ **അംഗീകൃതമല്ലാത്ത തസ്തികകളിൽ** ദിവസ വേതന അടിസ്ഥാനത്തിൽ സർക്കാറിന്റെ മുൻകൂർ അനുമതിയോട് കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് നിർദ്ദേശം നൽകുന്നു.

**സഞ്ജീവ് കൗശിക് IAS**

**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള. തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/

അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ

5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ, തിരുവനന്തപുരം
14. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണ്ണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
18. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
22. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(signature)

അക്കൗണ്ട്സ് ഓഫീസർ